Follow Us :




# MIC KAIPAMANGALAM

مجمع مالك بن دينار الاسلامي-كيبامنغالام

# MALIK BIN DEENAR
## ISLAMIC COMPLEX KAIPAMANGALAM

mickaipamangalam@gmail.com
0480 2844014
9633 604 860, 9895 035 791
www.mickaipamangalam.com

السلام عليكم





ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വിശുദ്ധ ഇസ്‌ലാമിന്റെ കൈത്തിരിയുമായി കടന്ന് വന്ന സ്വഹാബി വര്യൻ മാലിക് ബിൻ ദീനാർ (റ) ന്റെ പാദ സ്പർശനം കൊണ്ട് അനുഗ്രഹീതമായ കൊടുങ്ങല്ലൂർ താലൂക്കിലെ കൈപ്പമംഗലത്ത് 1988ൽ സ്ഥാപിതമായ ബഹുമുഖ വിദ്യാഭ്യാസ സമുച്ചയമാണ് മാലിക് ബിൻ ദീനാർ ഇസ്‌ലാമിക് കോംപ്ലക്സ്. ബഹു: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റ് ആയിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ഇമ്പിച്ചി കോയതങ്ങൾ അസ്ഹരി (ന:മ) അവർകളുടെ തണലിൽ വളരുകയും സയ്യിദ് എസ്.എം.കെ തങ്ങൾ ഉൾപ്പടെയുള്ള സാദാത്തുക്കളുടെയും തൊഴിയൂർ ഉസ്താദ്, നാട്ടിക ഉസ്താദ് പോലെയുള്ള ആലിമീങ്ങളുടെയും പി.എ സൈദു മുഹമ്മദ് ഹാജി, സി.എം അഹമ്മദ് ഹാജി പോലെയുള്ള ഉമറാക്കളുടെയും സ്നേഹ സ്പർശനത്തിൽ, മത ഭൗതിക വിദ്യാഭ്യാസ രംഗത്ത് നാല് പതിറ്റാണ്ടായി സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു വരികയാണ് എം.ഐ.സി.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി അനാഥ അഗതി മന്ദിരം, ഇമാം ശാഫിഈ ഹിഫ്ളുൽ ഖുർആൻ കോളേജ്, എം.ഐ.സി ഇസ്‌ലാമിക് & ആർട്സ് കോളേജ് (SNEC- സനാഇയ്യ), അഫ്ളലുൽ ഉലമാ & ആർട്സ് കോളേജ് ഫോർ വുമൺ, ഹയർ സെക്കണ്ടറി മദ്റസ , CBSE ഇംഗ്ലീഷ് സ്കൂൾ, കമ്പ്യൂട്ടർ സെന്റർ, അൽ-ബിർ സ്കൂൾ, എയ്ഡഡ് ഒ.യു.പി സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളാണ് എം.ഐ.സി ക്ക് കീഴിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. സ്നേഹിക്കാനും ലാളിക്കാനും ഉറ്റവരും ഉടയവരും ഇല്ലാത്ത മക്കളെ ഏറ്റെടുത്ത് ദീനിനും സമുദായത്തിനും ഉപകരിക്കുന്ന നല്ല പൗരന്മാരാക്കിയും ചെറിയ പ്രായത്തിലേ പരിശുദ്ധ ഖുർആൻ മന:പാഠമാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയും മതഭൗതിക സമന്വയ വിജ്ഞാനങ്ങളിലൂടെ ഉത്തമ വനിതകളെ സമൂഹത്തിനു സമർപ്പിച്ചും എം.ഐ.സി സമാനതകളില്ലാത്ത വൈജ്ഞാനിക വിപ്ലവമാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

നാം ഓരോരുത്തരും ചെയ്യേണ്ട സാമൂഹിക ഉത്തരവാദിത്തമാണ് നിങ്ങളുടെയൊക്കെ പിന്തുണയോടെ എം.ഐ.സി ചെയ്തുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിന് സ്ഥായിയായ വരുമാനങ്ങളൊന്നും ഇല്ല. താങ്കളെ പോലെയുള്ള ഉദാര മനസ്കരുടെ സഹകരണത്താലാണ് ഈ സ്ഥാപനം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ നിങ്ങളെല്ലാവരും സ്ഥാപനവുമായി എപ്പോഴും ബന്ധം പുലർത്തണമെന്നും സാമ്പത്തികമായി സഹായിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

ദീനിനും സമുദായത്തിനും വേണ്ടി ദീർഘകാലം പ്രവർത്തിക്കാൻ അല്ലാഹു തൗഫീഖ് നൽകട്ടെ... അത് കാരണമായി നമ്മുടെ എല്ലാ കാര്യങ്ങളിലും അല്ലാഹു ഖൈറും ബർക്കത്തും ചൊരിഞ്ഞു അനുഗ്രഹിക്കട്ടെ...ആമീൻ...

എന്ന്,

**സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പാണക്കാട്**
പ്രസിഡന്റ് , എം.ഐ.സി കൈപ്പമംഗലം യൂണിറ്റ്

## സഹായങ്ങൾ അയക്കേണ്ട വിലാസം

| | |
|---|---|
| A/c No | : 15170200010324 |
| IFSC Code | : FDRL0001517 |
| A/c Name | : Malik Bin Deenar Islamic Complex |
| Branch | : Federal Bank Moonnupeedika |

ഓർഫനേജ്, ഹിഫ്ള്, സനാഇയ്യ വിദ്യാർത്ഥികൾക്ക് ഭക്ഷണവും വസ്ത്രവും നൽകാൻ ആഗ്രഹിക്കുന്നവർ ബന്ധപെടുക

**0480 2844014, 9633 604 860**

## കൈപ്പമംഗലം എം.ഐ.സി ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ

- അനാഥ അഗതി മന്ദിരം (BOYS & GIRLS)
- ഇമാം ശാഫിഈ ഹിഫ്ളുൽ ഖുർആൻ കോളേജ്
- ഹയർ സെക്കണ്ടറി മദ്റസ
- അഫ്ളലുൽ ഉലമ & ആർട്സ് കോളേജ് ഫോർ വുമൺ
- MIC ഇസ്ലാമിക് & ആർട്സ് കോളേജ് (SNEC-SANAIYYA)
- ഹോസ്റ്റൽ ( ബോയ്സ് & ഗേൾസ് )
- CBSE ഇംഗ്ലീഷ് സ്കൂൾ
- അൽബിർ സ്കൂൾ
- OUP സ്കൂൾ (എയ്ഡഡ്)
- MIC കമ്പ്യൂട്ടർ സെന്റർ




## എം.ഐ.സി അനാഥ അഗതി മന്ദിരം

### (BOYS & GIRLS)

സാംസ്കാരിക ജീർണതയിലും സാമ്പത്തിക പരാധീനതയിലും അകപ്പെട്ട് പോയ ബാല്യങ്ങളെ സംരക്ഷണവും സംസ്കാരവും വിദ്യാഭ്യാസവും നൽകി രാജ്യത്തിനും സമൂഹത്തിനും ഉപകാരപ്പെടുന്ന ഉത്തമ പൗരന്മാരാക്കി മാറ്റിയെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. നിത്യ ചെലവിന് ബുദ്ധിമുട്ടുന്ന അനാഥരോ അഗതികളോ ആയ കുട്ടികൾക്കാണ് പ്രവേശനം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വെവ്വേറെ കാമ്പസുകൾ ഒരുക്കിയിട്ടുണ്ട്.

1988 ൽ 55 കുട്ടികളുമായി തുടങ്ങിയ ഇ മഹത്തായ സ്ഥാപനത്തിൽ നിന്ന് മൂന്ന് പതിറ്റാണ്ട് പിന്നിടുമ്പോൾ 1500ലധികം പൂർവ്വ വിദ്യാർത്ഥികൾ വിവിധ മേഖലകളിൽ സേവനം ചെയ്തു കൊണ്ടിരിക്കുന്നു .

**Tharbiyyath**

വിശ്വാസ അനുഷ്ഠാന രീതികൾ സ്വാഭാവിക അന്തരീക്ഷത്തിൽ പരിശീലനവും, ഖുർആനിലെ ചെറിയ സൂറത്തുകൾ തജ്‌വീദോട് കൂടി പാരായണവും മനഃപാഠവും, നിത്യ ജീവിതത്തിലെ ദിക്റുകൾ പരിശീലിപ്പിക്കൽ,പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസ്സുകൾ.

**Experienced Study**

ശാരീരിക,മാനസിക,വൈകാരിക വികാസം.

**Study Tour & Excursion**

പഠനത്തിന്റെ ഭാഗമായി പഠന യാത്രകളും ഉല്ലാസയാത്രകളും.

**Sports & Fitness Facilities**

വിശാലമായ പ്ലേ ഗ്രൗണ്ടും പരിശീലന മുറകളും കലാ കായിക പ്രവർത്തനങ്ങളും

**Skill Development Programs**

പ്രസംഗം, വായന, തൂലിക എന്നിവക്ക് പ്രത്യേക പരിശീലനങ്ങൾ.

**Computer Lab**

വിശാലമായ കമ്പ്യൂട്ടർ ലാബ്,അംഗീകൃത സർട്ടിഫൈഡ് കോഴ്സുകൾ.



## എം.ഐ.സി ഹയർ സെക്കണ്ടറി മദ്റസ

കാമ്പസിലെ മുഴുവൻ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്കും സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി വരെയുള്ള മദ്രസ്സ വിദ്യാഭ്യാസം നൽകുന്നു.





## ഇമാം ശാഫിഈ ഹിഫ്ളുൽ ഖുർആൻ കോളേജ്

മത ഭൗതിക പഠനത്തോടൊപ്പം വിശുദ്ധ ഖുർആൻ മനഃപാഠമാക്കുന്നതിനുള്ള സൗകര്യങ്ങളോട് കൂടെ 2018 ൽ ആണ് ഈ കോഴ്സ് ആരംഭിച്ചത്. മദ്രസ്സ അഞ്ചാം ക്ലാസ്സ് പാസ്സായ പതിനൊന്നര വയസ്സ് കവിയാത്ത ആൺകുട്ടികൾക്കാണ് പ്രവേശനം. വിദ്യാർത്ഥികളുടെ താമസ ഭക്ഷണ പഠന സൗകര്യങ്ങൾക്ക് വേണ്ട ചെലവുകൾ സ്ഥാപനം സ്പോൺസർഷിപ്പ് മുഖേനയും സംഭാവനയായുമാണ് കണ്ടെത്തുന്നത്.

മൂന്ന് വർഷം കൊണ്ട് ഹിഫ്ള് പൂർത്തീകരിച്ച് ഒരു വർഷത്തെ ദൗറയും കഴിഞ്ഞു എസ്.എസ്.എൽ.സി യോടെയാണ് ഈ കോഴ്സ് പൂർത്തിയാവുന്നത്. അന്തർ ദേശീയ പ്രശസ്തരായ ഖാരിഈങ്ങളുടെ ശൈലികൾ മനസ്സിലാക്കാനും ക്ലാസ്സുകൾ ശ്രവിക്കാനും സൗകര്യപ്രദമായ സ്മാർട്ട് ക്ലാസ്സ് റൂം, റെക്കോർഡിങ് സ്റ്റുഡിയൊ എന്നിവയും ഒരുക്കിയിട്ടുണ്ട് .

**QURAN & HIFZ PRACTICING**
ഹിഫ്ള് പരിശീലനം & തജ്‌വീദോട് കൂടെയുള്ള ഖുർആൻ പാരായണം

**QURAN THEATRE**
വിവിധ ഖിറാഅത്തുകൾ മനസ്സിലാക്കാനും പരിശീലിക്കാനും അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഡിജിറ്റൽ ക്ലാസ് റൂം

**RECORDING STUDIO**
ഖിറാഅത്ത് പരിശീലനങ്ങൾക്കായി സജ്ജീകരിച്ച സ്റ്റുഡിയോ സംവിധാനം.

**MATERIAL STUDIES**
SSLC വരെ ഭൗതിക പഠനം.

**LITERARY CLUB**
വിദ്യാർത്ഥികളിലെ നൈസർഗികമായ കഴിവുകൾ പരിപോഷിപ്പിക്കാൻ സഹായകമായ പ്രസംഗ- തൂലിക പരിശീലന ക്ലാസുകൾ.

**FITNESS CENTRE**
കായിക ക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ ഫിറ്റ്നസ് & വെൽനസ് സെന്റർ.

# എം.ഐ.സി ഹോസ്റ്റൽ
**(BOYS & GIRLS)**

എം.ഐ.സി കാമ്പസിൽ നടക്കുന്ന CBSE ഇംഗ്ലീഷ് സ്കൂൾ, എയ്ഡഡ് UP സ്കൂൾ, അഫ്ളലുൽ ഉലമ & ആർട്സ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് മിതമായ ഫീസോടു കൂടി ഹോസ്റ്റൽ സൗകര്യം നൽകുന്നു.

ഇസ്ലാമികാന്തരീക്ഷത്തിൽ ഹോസ്റ്റൽ വിദ്യാർഥികൾക്ക് അദ്ധ്യാപകരുടെയും മെന്റർമാരുടെയും മേൽനോട്ടത്തിൽ ദീനീ തർബിയ്യത്തും ഉന്നത സംസ്കാരവും പരിശീലിപ്പിക്കുന്നു. പുറമെ മോട്ടിവേഷൻ ക്ലാസ്സുകളും മറ്റുള്ള ബോധവൽക്കരണ ക്ലാസ്സുകളും , സമസ്ത സിലബസ് പ്രകാരമുള്ള മദ്രസ്സ വിദ്യാഭ്യാസവും നൽകുന്നു. ഇവർക്ക് വേണ്ടി പ്രത്യേക ലൈബ്രറിയും റഫറൻസ് റൂം സൗകര്യപ്പെടുത്തിയിട്ടുണ്ട്.






# MIC ഇസ്‌ലാമിക് & ആർട്സ് കോളേജ് (SNEC-SANAIYYA)

വനിതാ വിദ്യാഭ്യാസ രംഗത്തെ ഒരു പ്രധാന ചുവട് വെപ്പായി സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴിൽ തുടക്കമിട്ട വിദ്യാഭ്യാസ സംവിധാനമാണ് സനാഇയ്യ. വൈജ്ഞാനിക മേഖലയിൽ പുതിയ രൂപവും ഭാവവും നൽകിയ മഹത്തായ ഈ സംവിധാനം SSLC പാസ്സായ പെൺകുട്ടികളിൽ നിന്ന് പ്രത്യേക ഇന്റർവ്യൂ മുഖേനയാണ് പ്രവേശനം നൽകുന്നത്. ഈ സ്ഥാപനത്തിൽ നിലവിൽ നാല് ബാച്ചുകളിലായി നൂറിലധികം വിദ്യാർത്ഥിനികൾ താമസിച്ച് പഠിച്ചു കൊണ്ടിരിക്കുന്നു. പഠന-താമസ-ഭക്ഷണ സൗകര്യങ്ങളിലേക്ക് വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന ചെറിയ വിഹിതങ്ങൾ കഴിച്ച് ബാക്കി തുക സ്ഥാപനം സംഭാവനയായി മറ്റുള്ളവരിൽ നിന്നും കണ്ടെത്തുന്നു.

മത ഭൗതിക വിദ്യാഭ്യാസത്തിൽ ആഴമേറിയ പഠനവും പുതിയ കാലത്തോട് സംവദിക്കാൻ ആവശ്യമായ സാങ്കേതിക വിദ്യാഭ്യാസവും ആർജ്ജിച്ചെടുത്ത മാതൃകാ വനിതകളെ സമൂഹത്തിന് സമർപ്പിക്കുകയാണ് സ്ഥാപനം കൊണ്ട് ലക്ഷീകരിക്കുന്നത്. പാണ്ഡിത്യമുള്ള ഒരു വനിതക്ക് അവരുടെ കുടുംബത്തെ സമുദ്ധരിക്കാനും അത് വഴി സമൂഹത്തിൽ ചലനം സൃഷ്ടിക്കാനും സാധിക്കും . വിദ്യാർത്ഥിനികൾ തയ്യാറാക്കുന്ന വിവിധ ഭാഷകളിലെ കൈയെഴുത്തു മാഗസിനുകളും കാലിഗ്രഫിക് വർക്കുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ രചനകളും ഈ മക്കളുടെ കഴിവുകളും ധൈഷണികതയും വിളിച്ചോതുന്നു. കൂടാതെ നിരവധി മഹല്ലുകളിൽ ദഅവാ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിവരുന്ന വനിതാ ക്ലാസ്സുകളും ശ്രദ്ധേയമാണ്.

**MORAL AND MATERIAL STUDIES**
ഖുർആൻ, ഹദീസ്, തഫ്സീർ, കർമ്മ ശാസ്ത്രം മറ്റു മതകീയ കിതാബുകളോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രിയും കരസ്ഥമാക്കുന്നു. പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണം.

**SKILL DEVELOPMENT PROGRAMS**
21st സെഞ്ച്വറി സ്കിൽസ് വിഭാവനം ചെയ്യുന്ന കോ കരിക്കുലം ആക്റ്റിവിറ്റീസ്.

**SPOKEN**
ഇംഗ്ലീഷ്, അറബിക്, ഉർദു ബഹുഭാഷകളിലെ നൈപുണ്യത്തെ വികസിപ്പിക്കുന്നതിന്ന് പ്രത്യേകം പരിശീലനം നേടിയ അധ്യാപകർ.

**STUDY TOUR & EXCURSION**
പഠനത്തിന്റെ ഭാഗമായി പഠന യാത്രകളും ഉല്ലാസയാത്രകളും.

**MODERN DIGITAL LIBRARY**
അത്യാധുനിക ഡിജിറ്റലൈസ്ഡ് ലൈബ്രറി, റഫറൻസ് ഏരിയ, മികച്ച ഓഡിയോ വീഡിയോ ലൈബ്രറി.

**CERTIFIED COURSES**
കമ്പ്യൂട്ടർ ട്രെയിനിങ്, പ്രീ മാരിറ്റൽ കോഴ്സ്

**360° GUIDANCE**
മെന്റലി +ഫിസിക്കലി +ഇസ്ലാമിക് ലൈഫ് സ്റ്റൈൽ.

**STUDENTS UNION**
അക്കാദമിക് ഡെവലപ്പ്മെന്റ് സീരീസ്, സ്പീക്കേഴ്സ് ഫോറം, ലിറ്ററി ക്ലബ്, മറ്റു ആർട്സ്, സ്പോർട്സ് പ്രോഗ്രാമുകൾ




# അഫ്ളലുൽ ഉലമാ & ആർട്സ് കോളേജ് ഫോർ വുമൺ

ഭൗതിക വിദ്യാഭ്യാസം ധാർമിക അന്തരീക്ഷത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2001 ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് എം.ഐ.സി അഫ്ളലുൽ ഉലമ & ആർട്സ് കോളേജ് ഫോർ വുമൺ. എസ്.എസ്.എൽ.സി, പ്ലസ് ടു പാസ്സായ പെൺകുട്ടിൾക്കാണ് പ്രവേശനം. രണ്ട് വർഷത്തെ പ്ലസ്ടു ഹ്യൂമാനിറ്റീസിനോടൊപ്പം അറബിക് വിഷയങ്ങളും മൂന്നു വർഷത്തെ ഡിഗ്രി കോഴ്സും അടങ്ങിയതാണ് കരിക്കുലം. വിദ്യാസമ്പന്നരായ ഒരു തലമുറയെ വാർത്തെടുത്ത് അവരെ ഇസ്ലാമിക ചിന്തയിലും സംസ്കാരത്തിലും ഉറപ്പിച്ചു നിർത്തുകയാണ് ഇതിലൂടെ എം.ഐ.സി ഉദ്ദേശിക്കുന്നത്.

പാണ്ഡിത്യമുള്ള ഒരു വനിതക്ക് അവരുടെ കുടുംബത്തെ സമുദ്ധരിക്കാനും അത് വഴി സമൂഹത്തിൽ ചലനം സൃഷ്ടിക്കാനും സാധിക്കും. വിദ്യാർഥികൾ തയ്യാറാക്കുന്ന വിവിധ ഭാഷകളിലെ കൈയെഴുത്തു മാഗസിനുകളും കാലിഗ്രഫിക് വർക്കുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ രചനകളും ഈ മക്കളുടെ കഴിവുകളും ധൈഷണികതയും വിളിച്ചോതുന്നു. കൂടാതെ നിരവധി മഹല്ലുകളിൽ ദഅവാ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിവരുന്ന വനിതാ ക്ലാസ്സുകളും ശ്രദ്ധേയമാണ്. ഈ സ്ഥാപനത്തിൽ നിന്നും പുറത്തിറങ്ങിയ നിരവധി പേർ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും അറബിക് അദ്ധ്യാപകരായും ജോലിചെയ്യുന്നുണ്ട്.

**MORAL STUDIES**
ഖുർആനിലെ ചെറിയ സൂറത്തുകൾ തജ്വീദോടു കൂടി പാരായണവും മനഃപാഠവും, നിത്യ ജീവിതത്തിലെ ദിക്റുകൾ പരിശീലിപ്പിക്കൽ,തികഞ്ഞ ആത്മീയ അന്തരീക്ഷം.

**SKILL DEVELOPMENT PROGRAMS**
രചനാ -പ്രഭാഷണ പാടവം, സാങ്കേതിക പരിജ്ഞാനം, നേതൃപരിശീലനം , ഹോം സയൻസ് ക്ലാസ്സ്, എവൈർനസ് & കൗൺസിലിംഗ് ക്ലാസ്സ്.

**SPOKEN**
ഇംഗ്ലീഷ്, അറബിക്, ഭാഷകളിലെ നൈപുണ്യത്തെ വികസിപ്പിക്കുന്നതിന്ന് പ്രത്യേകം പരിശീലനം നേടിയ അധ്യാപകർ.

**CERTIFIED COURSES**
കമ്പ്യൂട്ടർ ട്രെയിനിങ്, പ്രീ മാരിറ്റൽ കോഴ്സ്.

**STUDENTS UNION**
ഇസ്ലാമിക് ആർട്ട് ഫെസ്റ്റ്,അക്കാദമിക് ഡെവലപ്മെന്റ് സീരീസ്, സ്പീക്കേഴ്സ് ഫോറം.

**STUDY TOUR & EXCURSION**
പഠനത്തിന്റെ ഭാഗമായി പഠന യാത്രകളും ഉല്ലാസയാത്രകളും.

# എം.ഐ.സി അൽ-ബിർ സ്കൂൾ

**(KG - V th Std)**

സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അഫിലിയേഷനോട് കൂടി കുരുന്ന് മക്കൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ടതാണ് എം.ഐ.സി അൽ-ബിർ സ്കൂൾ. 2019 ലാണ് എം.ഐ.സി ക്ക് കീഴിൽ അൽ-ബിർ സ്കൂൾ ആരംഭിക്കുന്നത്. ദേശീയ അന്തർ ദേശീയ പ്രശസ്തരായ അക്കാദമീഷ്യൻസിന്റെ നേതൃത്വത്തിൽ നിലവിലെ സ്കൂൾ വിദ്യാഭ്യാസ രീതികളെ സമഗ്രമായി വിശകലനം ചെയ്ത് അതിലെ ന്യൂനതകൾ പരിഹരിച്ചു കൊണ്ടുള്ള സിലബസാണ് അൽ-ബിർ അവലംബിക്കുന്നത്.

കുരുന്ന് പ്രായത്തിൽ തന്നെ ദൈനംദിന ജീവിതത്തിൽ പതിവാക്കേണ്ട ദിക്റുകളും ചെറിയ സൂറത്തുകളും മനഃപാഠമാക്കാനും, അവ ജീവിതത്തിൽ കൊണ്ട് നടക്കാനും പരിശീലിപ്പിക്കുന്നു. കുട്ടികളുടെ പ്രായം മനസ്സിലാക്കി അവരിഷ്ടപ്പെടുന്ന രീതിയിൽ പഠനത്തിലേക്ക് തല്പരരാക്കുന്ന രൂപത്തിലാണ് ക്ലാസ് റൂമുകൾ സജ്ജീകരിച്ചിരിക്കുന്നത്.

**MORAL STUDIES**
ഖുർആൻ, ഹദീസ്, പ്രാർത്ഥനകൾ എന്നിവയിൽ പരിശീലനം

**CHILD FRIENDLY**
ശിശു സൗഹൃദ പഠന രീതി ,വിദഗ്ദ്ധ പരിശീലനം നേടിയ അധ്യാപികമാരുടെ സ്നേഹ പരിചരണം.

**SMART CLASS ROOMS**
അത്യാധുനിക സൗകര്യത്തോടു കൂടെയുള്ള സ്മാർട്ട് ക്ലാസുകൾ.

**EXTRA CURRICULUM ACTIVITIES**
കരാട്ടെ, ഡ്രോയിങ്, അബാകസ്, ക്രാഫ്റ്റ്, കാലിഗ്രഫി, ടാലെന്റ് ടെസ്റ്റുകൾ, കിഡ്സ് ഫെസ്റ്റ്, സ്പോർട്സ് മീറ്റ്,പേരന്റിംഗ് സെഷൻസ്






# എം.ഐ.സി ഇംഗ്ലീഷ് സ്കൂൾ (CBSE)

ആധുനിക പഠന ബോധന രീതിയിൽ ലോക ഭാഷയായി അറിയപ്പെടുന്ന ഇംഗ്ലീഷ് ഭാഷ അത്യാധുനിക വിവര സാങ്കേതിക വിദ്യകളിലൂടെ ഫലപ്രദമായി വിദ്യാർത്ഥികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1999 ൽ MIC ENGLISH SCHOOL സ്ഥാപിതമായത്. മൂല്യങ്ങൾക്കും ധാർമികതക്കും വില കൽപ്പിക്കാതെ കേവലം വിദ്യാഭ്യാസ കച്ചവടം മാത്രം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ബദൽ സംവിധാനമായിട്ടാണ് ഇന്നും ഇത് മുന്നോട്ട് പോകുന്നത്. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അധ്യാപന രീതിശാസ്ത്രം, പഠന മനഃശാസ്ത്രം എന്നിവയിലെ കണ്ടെത്തലുകൾ ശിശു കേന്ദ്രീകൃത പഠന രീതിയിലൂടെ പ്രയോഗവൽക്കരിക്കാനുതകുന്ന രീതിയിലുള്ള കരിക്കുലമാണ് WONDER LAP എന്ന KG സെക്ഷൻ മുന്നോട്ട് വെക്കുന്നത്. ധാർമിക ബോധവും മത ശിക്ഷണവും നൽകി രാജ്യത്തിനും സമൂഹത്തിനും മാതൃകയാവുന്ന രാഷ്ട്ര ശില്പികളെ വാർത്തെടുക്കുകയാണ് MIC ENGLISH SCHOOL.

**WONDERLAP**
വിദഗ്ധ അക്കാഡമിഷ്യർ രൂപ കൽപന ചെയ്ത WONDERLAPന്റെ ഗ്ലോബൽ നിലവാരത്തിലുള്ള ഇസ്‌ലാമിക് സ്റ്റഡീസ് സിലബസ്

**QUR'AN**
തജ്‌വീദോടു കൂടിയുള്ള ഖുർആൻ പാരായണം, ഹിഫ്ള് പരിശീലനം.

**ACTIVITIES**
കരാട്ടെ, ഡ്രോയിങ്, അബാകസ്, ക്രാഫ്റ്റ്, കാലിഗ്രഫി, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ

**DIGITALIZED CLASS ROOMS**
അത്യാധുനിക സൗകര്യത്തോടു കൂടിയുള്ള സ്മാർട്ട് ക്ലാസ്, കമ്പ്യൂട്ടർ ലാബ് ,സയൻസ് ലാബ്

**MADRASA & ISLAMIC STUDIES**
സമസ്ത അംഗീകൃത ഫിഖ്ഹ്, അഖീദ, അഖ്ലാഖ്, ലിസാൻ പാഠ പുസ്തകങ്ങൾ, പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണം.

**STUDY TOUR & EXCURSION**
പഠനത്തിന്റെ ഭാഗമായി പഠന യാത്രകളും ഉല്ലാസ യാത്രകളും.

**CHILD FRIENDLY**
ശിശു സൗഹൃദ പഠന രീതി ,വിദഗ്ദ്ധ പരിശീലനം നേടിയ അധ്യാപക അധ്യാപികമാരുടെ സ്നേഹ പരിചരണം.

# എം.ഐ.സി ഒ.യു.പി സ്കൂൾ

സാമ്പത്തികമായും വിദ്യാഭ്യാസ പരമായും പിന്നാക്കം നിൽക്കുന്ന ഈ പ്രദേശത്തിന് ധാർമിക അന്തരീക്ഷവും ശിക്ഷണ മേന്മയുമുള്ള ഒരു വിദ്യാലയമായി 1932 ൽ സ്ഥാപിതമായ എം.ഐ.സി ഒ.യു.പി സ്കൂൾ ഒരു നൂറ്റാണ്ടിലേക്ക് അടുക്കുന്നു. പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കൂടുതൽ ഭൗതിക സാഹചര്യം സൃഷ്ടിക്കുന്നതിന് പുതിയ ബ്ലോക്കും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ കമ്പ്യൂട്ടർ, സയൻസ് ലാബുകൾ. യോഗ, കരാട്ടെ, അബാക്കസ് എന്നിവയിൽ പ്രത്യേക പരിശീലനം ഉൾപ്പടെ കുട്ടികളുടെ പുരോഗതിക്കാവശ്യമായ കാര്യങ്ങളും ഒരുക്കിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ് മീഡിയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ കെ.ജി, എൽ.പി, യു.പി എന്നീ മൂന്ന് സെക്ഷനുകളിലായി നിലവിൽ പഠനം നടത്തി വരുന്നു.

**CHILD FRIENDLY**
ശിശു സൗഹൃദ പഠന രീതി ,വിദഗ്ദ്ധ പരിശീലനം നേടിയ അധ്യാപക അധ്യാപികമാരുടെ സ്നേഹ പരിചരണം.

**STUDY TOUR & EXCURSION**
പഠനത്തിന്റെ ഭാഗമായി പഠന യാത്രകളും ഉല്ലാസയാത്രകളും.

**DIGITALIZED CLASS ROOMS**
അത്യാധുനിക സൗകര്യത്തോടു കൂടിയുള്ള സ്മാർട്ട് ക്ലാസ്, കമ്പ്യൂട്ടർ ലാബ് ,സയൻസ് ലാബ്.

**ACTIVITIES**
കമ്പ്യൂട്ടർ, സയൻസ് ലാബുകൾ. യോഗ, കരാട്ടെ, അബാക്കസ് എന്നിവയിൽ പ്രത്യേക പരിശീലനം

**SPOKEN**
ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ നൈപുണ്യത്തെ വികസിപ്പിക്കുന്നതിന്ന് പ്രത്യേകം പരിശീലനം നേടിയ അധ്യാപകർ.

**SKILL DEVELOPMENT PROGRAMS**
നല്ല പാഠം. ക്ലബ് പ്രവർത്തനങ്ങൾ . LSS , USS പരീക്ഷകൾ, കലാ കായിക മേഖലയിൽ പ്രത്യേക പരിശീലനം.






# MIC KAIPAMANGALAM

**KAIPAMANGALAM**
MOONNUPEEDIKA BEACH ROAD,
THRISSUR DT, KERALA, INDIA

mickaipamangalam@gmail.com

**0480 2844014**
**9633 604 860, 9895 035 791**

www.mickaipamangalam.com

- MIC ORPHANAGE & HOSTEL
- IMAM SHAFI HIFZUL QURAN COLLEGE
- HIGHER SECONDARY MADRASA
- AFLALUL ULAMA & ARTS COLLEGE FOR WOMEN
- MIC ISLAMIC & ARTS COLLEGE (SNEC- SANAIYYA)
- CBSE ENGLISH SCHOOL
- AL BIRR SCHOOL
- OUP SCHOOL ( AIDED)

Print@Beacon_9288 021 871